**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 499** **23-02-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ കിഫ്ബി പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വാപ്‌കോസ് എസ്.പി.വി.യായ കിഫ്ബി അംഗീകാരം നൽകിയ 29.78 കോടി രൂപയുടെ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കെട്ടിടങ്ങളുടെ അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ അത്യാവശ്യ അറ്റകുറ്റപ്പണികൾക്കായി കിഫ്ബി 29.78 കോടി രൂപയുടെ ധനാനുമതി ലഭ്യമാക്കിയിട്ടുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത പദ്ധതിയുടെ നിയുക്ത എസ്.പി.വി. ആയ വാപ്‌കോസ് ലിമിറ്റഡ് ടെണ്ടർ വിളിയ്ക്കുകയും, ആയത് ടെക്നിക്കൽ ഇവാലുവേഷൻ കഴിഞ്ഞ് ടെൻഡർ നടപടികൾ പൂർത്തിയാക്കി വരുന്നു. |
| (ബി) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി അംഗീകാരം നൽകിയ 51.30 കോടി രൂപയുടെ ട്രോമാ കെയർ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി അംഗീകാരം നൽകിയ 51.30 കോടി രൂപയുടെ ട്രോമാ കെയർ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി സാങ്കേതിക അനുമതി പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത പദ്ധതി ഐ.എഫ്.സി. ഫണ്ടിംഗിനായി പരിഗണിച്ചതിനാൽ പദ്ധതിയുടെ ഡിസൈനിൽ ഐ.എഫ്.സി. മാറ്റങ്ങൾ നിർദ്ദേശിക്കുകയും അതനുസരിച്ച് ഐ.എഫ്.സി.-യുടെ അഭിപ്രായ പ്രകാരമുള്ള റീ-ഡിസൈനിംഗ് നിർദ്ദിഷ്ട എസ്.പി.വി. ആയ വാപ്‌കോസ് ലിമിറ്റഡ് നടത്തിവരികയാണ്. ആയതു പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകി പദ്ധതി ടെണ്ടർ ചെയ്യാനുള്ള തുടർനടപടികൾ വാപ്‌കോസ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ